(ജി) ഇൻവെസ്റ്റ്മെന്റ് സബ്സിഡി കിട്ടുന്ന മുറയ്ക്ക് കെ.എഫ്.സി. ഈ കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(എച്ച്) നിർവ്വാഹമില്ല.

7 (1727) പൊതുമേഖലാ സ്ഥാപനങ്ങളിലെ ആഡിറ്റ്

പ്രൊ. എ.വി. താമരാക്ഷൻ :

ശ്രീ. ടി. നാണുമാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലയിലെ വ്യവസായ സ്ഥാപനങ്ങളെ സംബന്ധിച്ച് 1997-98 വർഷത്തെ അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് റിപ്പോർട്ട് സർക്കാറിന് ലഭിക്കുകയുണ്ടായോ;

(ബി) എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലാണ് 1997-98-ൽ ആഡിറ്റ് നടന്നതെന്നും അവയുടെ പേരും വെളിപ്പെടുത്തുമോ;

(സി) സ്ഥിരമായി ആഡിറ്റ് നടക്കാത്ത എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കുമോ;

(ഡി) ഇവയുടെ ആഡിറ്റ് യഥാസമയം നടത്തുന്നതിന് എന്തു സംവിധാനമാണ് സർക്കാർ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ലാഭകരമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് വിശദാംശം സഹിതം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കൺട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 31.3.98-ൽ അവസാനിക്കുന്ന വർഷത്തെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി) വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഒൻപത് പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലാണ് 1997-98-ൽ ആഡിറ്റ് നടന്നിട്ടുള്ളത്. അവയുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ.

(2) കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡ്.

(3) കെൽട്രോൺ ക്രിസ്റ്റൽസ് ലിമിറ്റഡ്.

(4) ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്.

(5) കേരള സംസ്ഥാന ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ്.

(6) ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്

(7) ആട്ടോകാസ്റ്റ് ലിമിറ്റഡ്.

(8) ഹാൻഡിക്രാഫ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്.

LIBRARY ARCHIVES Kerala Legislative Assembly

(9) ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ഇവയുടെ ആഡിറ്റ് ഭരണഘടനാനുസൃതമായി അക്കൗണ്ടന്റ് ജനറലിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം ഉപയോഗിച്ചാണ് നടന്നുവരുന്നത്. ആയതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(ഇ) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടനയ്ക്കും വിപുലീകരണത്തിനുമായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരികയാണ്. ഇതിനാവശ്യമായ ധനം സ്വരൂപിക്കുന്നതിനുവേണ്ടി കേരള വ്യവസായ പുനരുദ്ധാരണ ഫണ്ട് രൂപീകരിക്കുന്നതിനുള്ള ഓർഡിനൻസ് പുറപ്പെടുവിച്ചു കഴിഞ്ഞു. ഈ ഫണ്ടിനാവശ്യമായ സ്കീം തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ നിന്നും ധനസഹായം ലഭിക്കുമ്പോൾ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ഉൽപ്പന്ന വൈവിധ്യവൽക്കരണം മുതലായ പദ്ധതികൾ മുഖേന ലാഭത്തിലാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതുകൂടാതെ വിവിധ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനായി വിദഗ്ധ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. തുണിവ്യവസായ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റി അതിന്റെ പഠന റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പെർഫോർമൻസ് കോൺട്രാക്ട് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം മാസംതോറും വിശകലനം നടത്തിവരുന്നുണ്ട്.

8 (1728) കെ.എസ്.ഐ.ഡി.സി.യുടെ ഓഹരികൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഐ.ഡി.സി.യ്ക്കുണ്ടായിരുന്ന ഓഹരികൾ ഡിസ് ഇൻവെസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം കമ്പനികളിലെ ഓഹരികളാണ് ഡിസ് ഇൻവെസ്റ്റ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്പോൾ സംയുക്തമേഖലയിൽ കോർപ്പറേഷന് എത്ര കമ്പനികളാണുള്ളത്; ഇതിൽ കോർപ്പറേഷന്റെ ഓഹരി എത്ര ശതമാനം ആണ്;

(ഡി) കേരള ധനകാര്യകോർപ്പറേഷനിൽ ചെറുകിട ഇടത്തരം വ്യവസായങ്ങൾ തുടങ്ങുന്നതിന് 1998-99ൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര അപേക്ഷകൾ അംഗീകരിച്ചുവെന്നും ഇവർക്കായി എന്തു തുക വിതരണം ചെയ്തുവെന്നും അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly